**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2186 — 18.07.2016-ൽ മറുപടിക്ക്

## കമ്മ്യൂണിറ്റി കോളേജുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ. മുരളീധരൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജു കളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകളുടെ പ്രവർത്തനത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചിരുന്നതെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടി തൊഴിൽ അധിഷ്ഠിത കോഴ്സുകൾ നടത്തി സ്വയം പര്യാപ്തരാക്കുകയാണ് കമ്മ്യൂണിറ്റി കോളേജ് പദ്ധതി നടപ്പിലാക്കുന്നത് വഴി ലക്ഷ്യമിടുന്നത്. പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നടത്തി വരുന്നു. |
| (സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) യു.ജി.സി.യുടെയും എ.ഐ.സി. റ്റി.ഇ.യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ, പെരിന്തൽമണ്ണ, കോട്ടയം തൃശ്ശൂർ ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ് പട്ടാമ്പി എന്നീ ഗവൺമെന്റ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ ഷൊർണ്ണൂർ എന്നിവിടങ്ങളിലെ പോളിടെക്നിക്ക് കോളേജുകളിലും നടപ്പിലക്കിയിട്ടുണ്ട്. സർക്കാർ പോളിടെക്നിക്കുകിലെ ഉപയോഗിക്കാത്ത അടിസ്ഥാന സൌകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പാഠ്യക്രമവും പാഠ്യ പദ്ധതിയും രൂപീകരിച്ച് |

തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് ലഭിച്ചു. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ നേരിട്ട് ഫണ്ട് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകി വരുന്നു. ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുകയൊന്നും ചെലവായിട്ടില്ല.

സംസ്ഥാനത്തെ 5 സർക്കാർ പോളിടെക്നിക്കുകളിൽ കമ്മ്യൂണിറ്റി കോളേജ് പദ്ധതിയുമായി ബന്ധപ്പെട്ട് വൊക്കേഷണൽ ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കുകയും ടി കോഴ്സുകളുടെ രണ്ടാം ഘട്ടം പുരോഗമിക്കുകയുമാണ്.

സെക്ഷൻ ഓഫീസർ